## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം- 16

01.12.2014 -ൽ മറുപടിയ്ക്ക്

### 'വയനാട് നിയമന തട്ടിപ്പ് കേസ്'

**ചോദ്യം**

ശ്രീ.വി.ശശി

**മറുപടി**

**ശ്രീ. ഉമ്മൻചാണ്ടി**
**ബഹു.മുഖ്യമന്ത്രി**

| ചോദ്യം | | മറുപടി |
|---|---|---|
| എ) വയനാട് നിയമന തട്ടിപ്പിൽ പ്രതിയായ അഭിലാഷ് പിള്ള യെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;<br><br>ബി) ഇത്തരത്തിൽ തിരികെ ജോലി യിൽ പ്രവേശിപ്പിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ; | എ) യും ബി) യും | 30.09.2014 ൽ ചേർന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശുപാർശപ്രകാരം ശ്രീ.അഭിലാഷ് പിള്ളയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾപ്രകാരം ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ നിശ്ചിത കാലയളവു കളിൽ പുനഃപരിശോധിയ്ക്കേണ്ടതും അവരെ സർവ്വീസിൽ യഥാക്രമം പുനഃപ്രവേശിപ്പിയ്ക്കേണ്ടതുമാണ്. ഒരു ഉദ്യോഗസ്ഥനെയും അനിശ്ചിതമായി സസ്പെൻഷനിൽ നിറുത്തുവാൻ വ്യവസ്ഥയില്ല. ശ്രീ.അഭിലാഷ് പിള്ള 03.12.2010 മുതൽ സസ്പെൻഷനിലായിരുന്നു. |
| സി) കേസിലെ നടപടി പൂർത്തീ കരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ കേസ് നടപടി പൂർത്തീകരിക്കു ന്നതിൽ അലംഭാവം കാണിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ? | സി) | വിജിലൻസ് കേസുകളുടെ ബാഹുല്യംമൂലമാണ് പലപ്പോഴും നടപടി പൂർത്തീകരിക്കുവാൻ താമസമുണ്ടാകു ന്നത്. ഇതുകൊണ്ടുമാത്രം ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കുന്നത് പ്രായോഗികമാണെന്നു കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ